പ്രസിദ്ധീകരണത്തിന്

എല്ലാസ്ത്രീകളെയും ശബരിമലയിൽ പ്രവേശിപ്പിക്കണമെന്ന സുപ്രീം കോടതിവിധിയിന്മേൽ പുനഃപരിശോധനാഹർജി നല്കില്ലെന്ന സംസ്ഥാനസർക്കാരിന്റെയും തിരുവിതാംകൂർ ദേവസ്വംബോർഡിന്റെയും നിലപാട് നിരാശാജനകമാണ്. ഒരുപക്ഷേ, സംസ്ഥാനസർക്കാരിന് അവരുടെ നയമായി അങ്ങനെ പറയാൻ കഴിഞ്ഞേക്കും. എന്നാൽ, ശബരിമലയുടെയും അതിനോടനുബന്ധിച്ചുള്ള 1200-ൽപരം ക്ഷേത്രങ്ങളുടെയും ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും സംരക്ഷിച്ചുകൊള്ളാമെന്ന് പ്രതിജ്ഞയെടുത്ത് അധികാരത്തിലേറിയ ദേവസ്വം ബോർഡിനെപോലെയുള്ള ഒരു സ്വതന്ത്രസ്ഥാപനത്തിന് എങ്ങനെ ഇത്തരം ഒരു തീരുമാനത്തിലെത്താൻ കഴിയും എന്നു മനസ്സിലാകുന്നില്ല. വിശ്വാസികൾ കാണിക്ക അർപ്പിക്കുന്ന പണം കൊണ്ടാണ് ദേവസ്വങ്ങളുടെയും ബോർഡിന്റെയും ഭരണം നടത്തിവരുന്നത്. ഇതിൽ സർക്കാരിന്റെ പങ്ക് എന്തുണ്ട് എന്നുള്ളത് വിശ്വാസികൾക്ക് നല്ലതുവണ്ണം അറിയാം. വിശ്വാസികളെ ബാധിക്കുന്ന തരത്തിലുള്ള സുപ്രീംകോടതിവിധി നടപ്പാക്കുന്ന കാര്യത്തിൽ മറ്റൊന്നിലുമില്ലാത്ത വ്യഗ്രതയും തിടുക്കവും സംസ്ഥാനസർക്കാരിന് ഉള്ളത് എന്തുകൊണ്ടെന്ന് മനസ്സിലാകുന്നില്ല. തന്മൂലം വിശ്വാസികൾ അവരുടെ വിശ്വാസം സംരക്ഷിക്കുന്നതിന് ആവശ്യമായതൊക്കെ ചെയ്യാൻ നിർബന്ധിതരായിരിക്കുകയാണ്.

ഭരണഘടനയാണ് എല്ലാത്തിലും വലുത്. അനാചാരങ്ങളും ദുരാചാരങ്ങളും മാറ്റേണ്ടത് ആവശ്യവുമാണ്. എന്നാൽ, മനുഷ്യന് അവന്റെ വിശ്വാസം സംരക്ഷിക്കുവാൻ ആവശ്യമായ ഭേദഗതികൾ കാലാകാലങ്ങളിൽ വരുത്തേണ്ടത് സർക്കാരുകളുടെ ചുമതലയാണ്. എങ്കിൽ മാത്രമേ രാജ്യത്ത് സമാധാനവും അഖണ്ഡതയും ഐശ്വര്യവും നിലനിർത്തുവാനാവൂ.

മതേതരസങ്കല്പങ്ങളും ഈശ്വരവിശ്വാസവും രാജ്യത്ത് നിലനില്ക്കണമെന്ന് ആഗ്രഹിക്കുന്ന സംഘടന എന്നുള്ള നിലയിൽ നായർ സർവീസ് സൊസൈറ്റി ആവശ്യപ്പെടുന്നത്, സംസ്ഥാനസർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും ഈ പ്രശ്നം കുറച്ചുകൂടി അവധാനതയോടെ കൈകാര്യം ചെയ്യാനും പരിഹരിക്കാനും ശ്രമിക്കുകയാണ് ചെയ്യേണ്ടത് എന്നാണ്.

ഏതായാലും ഈ കേസിന്റെ ആരംഭം മുതൽ കക്ഷിചേർന്ന് നിലപാട് എടുത്തിട്ടുള്ള നായർ സർവീസ് സൊസൈറ്റി സുപ്രീംകോടതിയുടെ വിധിയിന്മേൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്.

പെരുന്ന
4.10.2018

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി